"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ്&ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയുടെ പ്രാഥമിക അന്വേഷണറിപ്പോർട്ട് - നഗരകാര്യ ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പി.കെ.സുഭാഷ്, ക്ലാർക്ക് ശ്രീ.ബിനു രാജൻ എന്നിവർക്കെതിരായി ആരംഭിച്ച അച്ചടക്ക നടപടി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1151/2023/LSGD തീയതി,തിരുവനന്തപുരം, 02-06-2023

---

പരാമർശം:-

1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.10.2018 തീയതിയിലെ ഇ2(പി.ഇ. 15/18/റ്റി.വി.എം) 7385/2018 നമ്പർ കത്ത്
2. 26.12.2018തീയതിയിലെ ഇയു2-433/2018-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ/പത്രിക
3. നഗരകാര്യ ഡയറക്ടറുടെ 12.11.2021 തീയതിയിലെ വി1-529/2019 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

തൃശ്ശൂർ നഗരസഭയിലെ ക്ലാർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിച്ചിരുന്ന ശ്രീമതി.ജസീന മജീദ്, തന്റെ പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനുള്ള നടപടികളൊന്നും തന്നെ നഗരകാര്യ ഡയറക്ടറേറ്റിലെ ബന്ധപ്പെട്ട സെക്ഷനിൽ നിന്നും മനഃപൂർവ്വം ചെയ്തില്ലെന്ന് ആരോപിച്ചുകൊണ്ട് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടർക്ക് സമർപ്പിച്ച പരാതിയിൽ വിജിലൻസ് നടത്തിയ പ്രാഥമികാന്വേഷണത്തിന്റെ റിപ്പോർട്ട് പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിൽ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിൽ മനഃപൂർവ്വമായ കാലതാമസം വരുന്നതായും നഗരസഭാ ജീവനക്കാരുടെ പ്രൊമോഷനും ശമ്പള വർദ്ധനവും തടയേണ്ടി വന്നതു നിമിത്തം പരാതി കക്ഷിയ്ക്ക് സീനിയോറിറ്റി നഷ്ടപ്പെടുകയും സാമ്പത്തിക നഷ്ടമുണ്ടാകുകയും ചെയ്തതായും പരാമർശമുണ്ടായിരുന്നു. മേൽ വിഷയത്തിൽ നഗരകാര്യ ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പി.കെ.സുഭാഷ്, (നിലവിൽ മുനിസിപ്പൽ സെക്രട്ടറി) ക്ലാർക്ക് ശ്രീ.ബിനു രാജൻ എന്നിവർ ഗുരുതരമായ അനാസ്ഥയും കൃത്യവിലോപവും കാണിച്ചതായി വിജിലൻസ് പ്രാഥമികാന്വേഷണ റിപ്പോർട്ടിൽ പ്രസ്താവിച്ചിട്ടുള്ളതിന്റെയടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശുപാർശ പ്രകാരം ടിയാളുകൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചതിന്റെ ഭാഗമായി കുറ്റാരോപണമെമ്മോ/പത്രിക നൽകിയിരുന്നു.

2. വിജിലൻസ് അന്വേഷണത്തിൽ 19/10/2017 ൽ 33667 നമ്പരായി ടിയാളുടെ അപേക്ഷ തപാലിൽ സ്വീകരിച്ചിട്ടുള്ളതായും ഡയറക്ടറേറ്റിലെ ഇ7 സെക്ഷൻ ക്ലാർക്കായ ശ്രീ.ബിനു രാജൻ

21/10/2017 തീയതിയിൽ തപാൽ സ്വീകരിച്ച് ടിയാന്റെ തൻപതിവേടിൽ ഉൾപ്പെടുത്തിയിട്ടുള്ളതുമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ അപേക്ഷയിൽ നടപടി സ്വീകരിച്ച് ഫയലാക്കുകയോ പരാതി കക്ഷിയുടെ വെരിഫിക്കേഷനുകൾ പൂർത്തീകരിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി യഥാസമയം സ്വീകരിക്കുകയോ ചെയ്തിട്ടില്ലാത്തതായി വിജിലൻസ് പ്രാഥമിക അന്വേഷണ റിപ്പോർട്ടിൽ പരാമർശിച്ചിരുന്നു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ശ്രീ.ബിനു രാജൻ, ശ്രീ.പി.കെ.സുഭാഷ് എന്നിവർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളത്.

3. കുറ്റാരോപണമെമ്മോ/പത്രികയിൽ ക്ലാർക്ക് ശ്രീ.ബിനു രാജൻ സമർപ്പിച്ച മറുപടി പ്രകാരം നഗരകാര്യ ഡയറക്ടറേറ്റിലെ ഇ7 സെക്ഷനിലെ ക്ലാർക്കായി സേവനമനുഷ്ഠിക്കവെ നഗരസഭാ ജീവനക്കാരുടെ നിയമനം, പ്രൊബേഷൻ, ഗ്രഡേഷൻ ലിസ്റ്റ് തയ്യാറാക്കൽ, ട്രാൻസ്ഫർ, വിവിധ അപ്പീലുകൾ, അനധികൃത ഹാജരില്ലായ്മ, പോലീസ് വെരിഫിക്കേഷൻ എന്നിങ്ങനെ നിരവധിയായ ജോലികളുണ്ടായിരുന്നുവെന്നും ജോലിത്തിരക്കു നിമിത്തം യഥാസമയം പ്രവൃത്തികൾ ചെയ്തു തീർക്കാനാവാതെ ഓഫീസ് സമയത്തിനു മുമ്പും ശേഷവും രാത്രിസമയത്ത് വരെയും ജോലിചെയ്തിട്ടുള്ളതായും ജീവനക്കാരുടെ അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുവാൻ നിദാന്ത ജാഗ്രത പുലർത്തിയിരുന്നെങ്കിലും ആയതിൽ മനഃപൂർവ്വമല്ലാത്ത വീഴ്ച വന്നിട്ടുള്ളതാണെന്നും ശ്രീ.ബിനു രാജൻ മറുപടി നൽകിയിരിക്കുന്നു. അപേക്ഷകൾ പരിധിയിലധികം കുന്നുകൂടിയിരുന്നതിനാൽ ആയതിൽ നടപടിയുണ്ടാകുന്നതിനായി ഡയറക്ടറേറ്റ് തലത്തിൽ ഒരു അദാലത്ത് സംഘടിപ്പിച്ചിരുന്നുവെന്നും അദാലത്ത് മുഖേന ഒരുമിച്ച് അപേക്ഷകൾ വന്നതിനാൽ ആയതിലെല്ലാം സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ അപാകത വന്നിട്ടുണ്ടെന്നും സെക്ഷന്റെ ജോലിഭാരം കണക്കിലെടുത്ത് നിലവിൽ ഇ8 എന്ന ഒരു പുതിയ സെക്ഷൻ കൂടി രൂപികരിച്ച് അധിക ജോലികൾ കൈമാറിയിട്ടുള്ളതാണെന്നും ടിയാൻ മറുപടിയിൽ വിശദീകരിച്ചിരിക്കുന്നു. ശ്രീമതി.ജസീന മജീദിന്റെ അപേക്ഷ പ്രകാരം പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിൽ സ്വാഭാവിക കാലതാമസം മാത്രമാണ് നേരിട്ടിട്ടുള്ളതെന്നും ഇതുമൂലം ടിയാളുടെ സീനിയോറിറ്റി നഷ്ടപ്പെടുകയോ സാമ്പത്തിക നഷ്ടമുണ്ടാവുകയോ ചെയ്തിട്ടില്ലായെന്നും അപേക്ഷ സമർപ്പിച്ച തീയതി പ്രകാരമുള്ള സീനിയോറിറ്റിയിൽ ഫയലുകൾ തുടർനടപടികൾക്കായി സമർപ്പിച്ചുകൊണ്ടിരിക്കവേ ടിയാരിയുടെ അപേക്ഷ പ്രത്യേകം പരിഗണിക്കണമെന്ന രാഷ്ട്രീയക്കാരുടെ ശിപാർശ അവഗണിച്ചതിനാലാകാം പരാതിക്കടിസ്ഥാനമായതെന്നും ശ്രീ.ബിനു രാജൻ മറുപടിയിൽ സൂചിപ്പിക്കുന്നു. മനഃപൂർവ്വമായി കാലതാമസം വരുത്തിയിട്ടില്ലായെന്നും ജോലിഭാരം നിമിത്തമുണ്ടായ അപാകതകൾ മാപ്പാക്കി തുടർനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും ടിയാൻ അഭ്യർത്ഥിച്ചിരുന്നു.

4. എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.പി.കെ.സുഭാഷ് സമർപ്പിച്ച മറുപടി പ്രകാരം തനിയ്ക്ക് 4 സെക്ഷനുകളുടെ മേൽനോട്ട ചുമതലയുണ്ടായിരുന്നുവെന്നും ഉദ്യോഗക്കയറ്റം ലഭിച്ചയുടൻ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗത്തിൽ നിയോഗിക്കുകയായിരുന്നുവെന്നും എന്നാൽ പരിമിതികളുണ്ടായിരുന്നിട്ടും നിക്ഷിപ്തമായ കർത്തവ്യം കഴിവിന്റെ പരമാവധി പരിധിയിൽ നിന്നുകൊണ്ട് ചെയ്യാൻ ശ്രമിച്ചിട്ടുള്ളതാണെന്നും ടിയാൻ മറുപടി നൽകിയിരിക്കുന്നു. ശ്രീമതി.ജസീന മജീദിന്റെ അപേക്ഷയിൽ ടിയാൻ യാതൊരുവിധ കാലതാമസവും വരുത്താതെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന് സമർപ്പിച്ചിട്ടുള്ളതാണെന്നും സെക്ഷനിൽ നിന്നും സൂപ്രണ്ട് മുമ്പാകെ സമർപ്പിക്കുന്നതിൽ വന്ന വീഴ്ചയുടെ പേരിലാണ് മെമ്മോ ലഭിച്ചതെന്നും ടിയാൻ മറുപടിയിൽ പരാമർശിച്ചിരിക്കുന്നു. ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന എല്ലാ സെക്ഷൻ

ക്ലർക്കുമാരും ഫയലുകളിൽ കാലതാമസം ഉണ്ടാകാതെ നടപടി സ്വീകരിക്കണമെന്ന് സൂപ്രണ്ട് എന്ന നിലയിൽ ഉപദേശനിർദ്ദേശങ്ങൾ നൽകിയിരുന്നുവെന്നും പലപ്പോഴും അധിക സമയവും അവധി ദിവസങ്ങളിലും ഓഫീസിൽ ഹാജരായി കർത്തവ്യങ്ങൾ നിറവേറ്റുവാൻ ശ്രമിച്ചിട്ടുള്ളതാണെന്നും ശ്രീ.സുഭാഷ് പി.കെ. മറുപടിയിൽ പ്രസ്താവിച്ചിട്ടുണ്ട്. സൂപ്രണ്ട് എന്ന നിലയിൽ മറ്റ് വീഴ്ചകളോ പരാതികളോ ടിയാനെതിരെ ഉണ്ടായിട്ടില്ലെന്നും മനഃപൂർവ്വമല്ലാത്ത വീഴ്ച മാപ്പാക്കി മേൽനടപടികളിൽ നിന്നും ഒഴിവാക്കണമെന്നും അപേക്ഷിച്ചിരുന്നു.

5. മേൽ വിഷയത്തിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം, എസ്റ്റാബ്ലിഷ്മെന്റ് ഇ7 സെക്ഷൻ ക്ലാർക്ക് ശ്രീ.ബിനുരാജൻ സ്വീകരിച്ച തപാൽ ഫയലാക്കി നടപടി സ്വീകരിക്കുന്നതിന് കാലതാമസം വരുത്തിയിട്ടുള്ളത് ഒട്ടും ആശാസ്യമല്ലാത്തതും ആയത് സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവുമാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ് റഗുലറൈസ് ചെയ്താൽ മാത്രമേ അർഹതപ്പെട്ട പ്രൊമോഷൻ ലിസ്റ്റിൽ പരിഗണിക്കപ്പെടുകയുള്ളൂ. ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുഭാഷ് പി.കെ. യ്ക്ക് ടിയാന്റെ സെക്ഷനിൽ ലഭിക്കുന്ന അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിച്ചതു സംബന്ധിച്ച വ്യക്തമായ കണക്കുകളോ ധാരണയോ ഇല്ലായിരുന്നുവെന്നത് മേൽനോട്ട ചുമതലയിലുണ്ടായ നിഷ്ക്രിയത്വമായി കാണാവുന്നതാണ്. എന്നാൽ നഗരകാര്യ ഡയറക്ടറേറ്റിൽ 93 നഗരസഭകളുടെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജോലികൾ കേവലം 2 സൂപ്രണ്ടും ഏതാനും ക്ലാർക്കുമാരുമാണ് നിർവ്വഹിച്ച് പോരുന്നത്. ശ്രീ.ബിനു രാജൻ കൈകാര്യം ചെയ്തിരുന്ന ഇ7 സെക്ഷനിൽ അമിതമായ ജോലിഭാരമുണ്ടായിരുന്നുവെന്നത് വസ്തുതയാണ്. നിലവിൽ ഇ7 സെക്ഷനിലെ അധിക ജോലികൾ കണക്കിലെടുത്ത് ടി സെക്ഷനെ വിഭജിച്ച് ഇ8 എന്ന പുതിയ സെക്ഷൻ രൂപീകരിച്ച് ചുമതലകൾ മാറ്റി നൽകിയിട്ടുള്ളതാണ്. പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനും കാലതാമസം ഉണ്ടായിട്ടുള്ളതും ആയതിന് അപേക്ഷകളുടെ ബാഹുല്യവും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളും വിവിധങ്ങളായ പരാതികളും മറ്റ് അനുബന്ധ വിഷയങ്ങളും നിമിത്തമാണെന്ന് കാണാവുന്നതുമാണ്. കൂടാതെ, ശ്രീ.ബിനു രാജൻ, ശ്രീ.സുഭാഷ് പി.കെ എന്നിവർ മനഃപൂർവ്വമായി അപേക്ഷകളിൽ കാലതാമസം വരുത്തിയിട്ടില്ലാത്തതാണ്. ശ്രീമതി.ജസീന മജീദിന്റെ പരാതി വസ്തുനിഷ്ഠമായി കാണുന്നതും വിജിലൻസ് റിപ്പോർട്ടിലെ പരാമർശങ്ങൾ ഔചിത്യ പൂർവ്വമായി വിലയിരുത്താവുന്നതുമാണ് എങ്കിലും ക്ലാർക്ക് ശ്രീ.ബിനുരാജന്റെ ഭാഗത്തും ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുഭാഷ് പി.കെ. യുടെ ഭാഗത്തും മനഃപൂർവ്വമായ യാതൊരു കൃത്യവിലോപവും ഉണ്ടായിട്ടില്ലെന്നും അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ സംഭവിച്ച വീഴ്ച ജോലിഭാരം നിമിത്തമാണെന്ന നിഗമനത്തിലും ടിയാളുകൾക്ക് താക്കീത് നൽകി അച്ചടക്ക നടപടികൾ അവസാനിപ്പിക്കാവുന്നതാണെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണമെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടി, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം വിശദമായി പരിശോധിച്ചതിൽ ജീവനക്കാരുടെ പ്രൊബേഷൻ ഡിക്ലയർ ചെയ്ത് സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനു യഥാസമയം നടപടി സ്വീകരിച്ചില്ലായെന്ന വിജിലൻസ് പ്രാഥമിക അന്വേഷണ റിപ്പോർട്ടിലെ പരാമർശത്തിന്റെയടിസ്ഥാനത്തിലാണ് നഗരകാര്യഡയറക്ടറേറ്റിലെ ക്ലാർക്ക് ശ്രീ.ബിനുരാജൻ, ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുഭാഷ് പി.കെ. എന്നിവർക്ക് കുറ്റാരോപണമെമ്മോ നൽകിയിട്ടുള്ളത്. ഇക്കാര്യത്തിൽ ടിയാളുകളുടെ മറുപടി പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം സെക്ഷന്റെ ജോലിഭാരം അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതിൽ കാലതാമസത്തിന് കാരണമായിട്ടുള്ളതായി സമ്മതിക്കുന്നു. കൂടാതെ

നഗരകാര്യ ഡയറക്ടറേറ്റിൽ 93 നഗരസഭകളുടെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ജോലികൾ കേവലം 2 സൂപ്രണ്ടും ഏതാനും ക്ലാർക്കുമാരുമാണ് നിർവ്വഹിച്ചു പോരുന്നത് എന്നും ശ്രീ.ബിനു രാജൻ കൈകാര്യം ചെയ്തിരുന്ന ഇ7 സെക്ഷനിൽ അമിതമായ ജോലിഭാരമുണ്ടായിരുന്നുവെന്നത് വസ്തുതയാണ് എന്നും നഗരകാര്യഡയറക്ടറുടെ റിപ്പോർട്ടിലും വ്യക്തമാകുന്നു. നിലവിൽ ഇ7 സെക്ഷനിലെ അധിക ജോലികൾ കണക്കിലെടുത്ത് ടി സെക്ഷനെ വിഭജിച്ച് ഇ8 എന്ന പുതിയ സെക്ഷൻ രൂപീകരിച്ച് ചുമതലകൾ മാറ്റി നൽകിയിട്ടുള്ളതും പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും സർവ്വീസ് റഗുലറൈസ് ചെയ്യുന്നതിനും കാലതാമസം ഉണ്ടായിട്ടുള്ളതും ആയതിന് അപേക്ഷകളുടെ ബാഹുല്യവും വിവരാവകാശ നിയമ പ്രകാരമുള്ള അപേക്ഷകളും വിവിധങ്ങളായ പരാതികളും മറ്റ് അനുബന്ധ വിഷയങ്ങളും നിമിത്തമാണെന്ന് കാണാവുന്നതുമാണ്. കൂടാതെ, ശ്രീ.ബിനു രാജൻ, ശ്രീ.സുഭാഷ് പി.കെ എന്നിവർ മനഃപൂർവ്വമായി അപേക്ഷകളിൽ കാലതാമസം വരുത്തിയിട്ടില്ലാത്തതാണ് എന്നും നഗരകാര്യഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു.

7. മേൽ സാഹചര്യത്തിൽ നഗരകാര്യഡയറക്ടറുടെ ശുപാർശ പരിഗണിച്ച് വിജിലൻസ് റിപ്പോർട്ടിലെ പരാമർശങ്ങളിൽ നഗരകാര്യ ഡയറക്ടറേറ്റിലെ എസ്റ്റാബ്ലിഷ്മെന്റ് വിഭാഗം ക്ലർക്ക് ശ്രീ.ബിനുരാജന്റെ ഭാഗത്തും ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.സുഭാഷ് പി.കെ. യുടെ ഭാഗത്തും ഗുരുതരമായ യാതൊരു കൃത്യവിലോപവും ഉണ്ടായിട്ടില്ലെന്നും, അപേക്ഷകളിൽ യഥാസമയം നടപടി സ്വീകരിക്കുന്നതിൽ സംഭവിച്ച മനഃപൂർവ്വമല്ലാത്ത വീഴ്ച ജോലിഭാരം നിമിത്തമാണെന്ന നിഗമനത്തിലും ടിയാളുകൾക്കെതിരായി ആരംഭിച്ച അച്ചടക്കനടപടി, മേലിൽ ഔദ്യോഗികകർത്തവ്യങ്ങളിൽ കൂടുതൽ ശ്രദ്ധ ചെലുത്തുന്നതിന് ടിയാളുകൾക്ക് താക്കീത്(Warning) നൽകിക്കൊണ്ട് അച്ചടക്കനടപടി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യഡയറക്ടർ, തിരുവനന്തപുരം
ശ്രീ.സുഭാഷ് പി.കെ.,ജൂനിയർ സൂപ്രണ്ട്(നിലവിൽ മുനിസിപ്പൽ സെക്രട്ടറി),
നഗരകാര്യഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ശ്രീ.ബിനുരാജൻ, ക്ലർക്ക്, നഗരകാര്യഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം (പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
വിജിലൻസ് വകുപ്പ് (24.05.2023 തീയതിയിലെ Vig-D1/1059/2018-Vig-നമ്പർ കുറിപ്പ് പ്രകാരം)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 02-06-2023 15:06:50
സെക്ഷൻ ഓഫീസർ